പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 120

# 2012-ലെ വലിയമ്മ തമ്പുരാൻ കോവിലകം എസ്റ്റേറ്റും കൊട്ടാരം ഫണ്ടും (വിഭജനം) ഭേദഗതി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 120

# 2012-ലെ വലിയമ്മ തമ്പുരാൻ കോവിലകം എസ്റ്റേറ്റും കൊട്ടാരം ഫണ്ടും (വിഭജനം) ഭേദഗതി ബിൽ

733/2012.

# 2012-ലെ വലിയമ്മ തമ്പുരാൻ കോവിലകം എസ്റ്റേറ്റും കൊട്ടാരം ഫണ്ടും (വിഭജനം) ഭേദഗതി ബിൽ

1961-ലെ വലിയമ്മ തമ്പുരാൻ കോവിലകം എസ്റ്റേറ്റും കൊട്ടാരം ഫണ്ടും (വിഭജനം) ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1961-ലെ വലിയമ്മ തമ്പുരാൻ കോവിലകം എസ്റ്റേറ്റും കൊട്ടാരം ഫണ്ടും (വിഭജനം) ആക്റ്റ് താഴെ കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ വലിയമ്മ തമ്പുരാൻ കോവിലകം എസ്റ്റേറ്റും കൊട്ടാരം ഫണ്ടും (വിഭജനം) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 11-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ.—1961-ലെ വലിയമ്മ തമ്പുരാൻ കോവിലകം എസ്റ്റേറ്റും കൊട്ടാരം ഫണ്ടും (വിഭജനം) ആക്റ്റിലെ (1961-ലെ 16) 11-ാം വകുപ്പിനുപകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"11. വിളംബരത്തിന്റെ ഭേദഗതി.—കൊച്ചി മഹാരാജാവ് 1949 ജൂൺ മാസം 29-ാം തീയതി പ്രഖ്യാപിച്ച വിളംബരത്തിൽ (1124-ലെ ix) 4-ാം വകുപ്പിലെ "കുടുംബത്തിലെ പുരുഷഅംഗങ്ങൾക്കിടയിൽ" എന്ന വാക്കുകൾക്കുപകരം "കുടുംബത്തിലെ അംഗങ്ങൾക്കിടയിൽ, അവരിൽ ഒരാളെങ്കിലും വനിതയായിരിക്കണം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1124 മിഥുനമാസം 15-ാം തീയതി (1949 ജൂൺ മാസം 29-ാം തീയതി) കൊച്ചി മഹാരാജാവ് ശ്രീ. രാമവർമ്മ തിരുമനസ്സ് പ്രഖ്യാപിച്ച വലിയമ്മ തമ്പുരാൻ കോവിലകം എസ്റ്റേറ്റും കൊട്ടാരം ഫണ്ടും വിളംബരത്തിന്റെ (1124-ലെ ix) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം എസ്റ്റേറ്റും കൊട്ടാരം ഫണ്ടും "കൊട്ടാര ഭരണ ബോർഡ്" എന്നു പറയുന്ന ഒരു ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതും അപ്രകാരമുള്ള ബോർഡ്, വിളംബരത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, എസ്റ്റേറ്റും കൊട്ടാരം ഫണ്ടും

നടത്തേണ്ടതുമാണ്. മേൽ പറഞ്ഞ വിളംബരത്തിന്റെ 4-ാം വകുപ്പ്, കുടുംബത്തിലെ പ്രധാനപ്പെട്ട നാല് താവഴികളിൽ ഒരോന്നിനും കഴിയുന്നിടത്തോളം പ്രാതിനിധ്യം കിട്ടത്തക്കവിധം കുടുംബത്തിലെ പുരുഷ അംഗങ്ങൾക്കിടയിൽനിന്നും കുടുംബത്തിലെ ഏറ്റവും പ്രായം കൂടിയ പുരുഷ അംഗം നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് ട്രസ്റ്റികൾ ബോർഡിൽ ഉണ്ടായിരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു.

2. കൊട്ടാരഭരണ ബോർഡിൽ കുടുംബത്തിലെ വനിത അംഗങ്ങൾക്കുകൂടി പ്രാതിനിധ്യം നൽകിക്കൊണ്ട് കൊട്ടാരഭരണബോർഡ് ജനാധിപത്യപരമായി പുനഃസംഘടിപ്പിക്കുന്നതിന് കൊച്ചി രാജകുടുംബത്തിലെ വനിതാ അംഗങ്ങൾ സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി. കൊട്ടാരഭരണ ബോർഡ്, 2002 ഫെബ്രുവരി 16-ന് കൂടിയ അതിന്റെ യോഗത്തിൽ വിളംബരത്തിന്റെ 4-ാം വകുപ്പ് ഭേദഗതി ചെയ്തുകൊണ്ട് ബോർഡിൽ വനിതാ അംഗങ്ങൾക്കും പ്രാതിനിധ്യം നൽകുന്നതിന് തീരുമാനിക്കുകയുണ്ടായി.

3. സർക്കാർ അവരുടെ അപേക്ഷ പരിഗണിക്കുകയും പ്രത്യേകിച്ചും പൊതുജീവിതത്തിന്റെ/ഭരണത്തിന്റെ എല്ലാ പ്രവർത്തനമണ്ഡലങ്ങളിലും വനിതകൾക്ക് പ്രാതിനിധ്യം നൽകിവരുന്നു എന്ന വസ്തുത കണക്കിലെടുത്ത് അവരുടെ അപേക്ഷ വാസ്തവമാണെന്ന് കാണുകയുമുണ്ടായി. കൊച്ചി രാജകുടുംബത്തിലെ വനിതാ അംഗങ്ങൾക്ക് കൊട്ടാരഭരണ ബോർഡിൽ പ്രാതിനിധ്യം നൽകുന്നതിനായി വിളംബരത്തിന്റെ 4-ാം വകുപ്പ് അനുയോജ്യമായി ഭേദഗതി ചെയ്യേണ്ടതായിട്ടുണ്ട്. ആയതിനാൽ പ്രസ്തുത 1124-ലെ ix-ാം വിളംബരത്തിലെ 4-ാം വകുപ്പിൽ ആവശ്യമായ ഭേദഗതി കൊണ്ടുവരുന്നതിനായി 1961-ലെ വലിയമ്മ തമ്പുരാൻ കോവിലകം എസ്റ്റേറ്റും കൊട്ടാരം ഫണ്ടും (വിഭജനം) ആക്റ്റിന്റെ (1961-ലെ 16) 11-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി.

4. മേൽപ്പറഞ്ഞ ആവശ്യത്തിനായി, 1961-ലെ വലിയമ്മ തമ്പുരാൻ കോവിലകം എസ്റ്റേറ്റും കൊട്ടാരം ഫണ്ടും (വിഭജനം) ആക്റ്റ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരുകയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

**ഉമ്മൻ ചാണ്ടി.**

(ശരിത്തർജ്ജമ)

## 1961-ലെ വലിയമ്മ തമ്പുരാൻ കോവിലകം എസ്റ്റേറ്റും കൊട്ടാരം ഫണ്ടും (വിഭജനം) ആക്റ്റിൽ (1961-ലെ 16) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** **

11. വിളംബരത്തിന്റെ ഭേദഗതി.—കൊച്ചി മഹാരാജാവ് 1949 ജൂൺ മാസം 29-ാം തീയതി പ്രഖ്യാപിച്ച വിളംബരത്തിൽ (1124-ലെ IX),—

(i) 2-ാം വകുപ്പിൽ (ബി) ഖണ്ഡത്തിന്റെ അവസാനമുള്ള "ഉം" വിട്ടുകളയേണ്ടതും ആ ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത്:—

"(ബി ബി) 'കുടുംബം' എന്നാൽ ഇന്ത്യൻ ഭരണഘടനയുടെ 366-ാം അനുച്ഛേദത്തിലുള്ള (22)-ാം ഖണ്ഡത്തിലെ അർത്ഥവ്യാപ്തിക്കുള്ളിൽ മുൻ കൊച്ചി സംസ്ഥാനത്തിലെ ഭരണാധികാരിയുടെ പ്രധാനപ്പെട്ട നാല് താവഴികൾ ഉൾക്കൊള്ളുന്ന മരുമക്കത്തായ കൂട്ടുകുടുംബം എന്നർത്ഥമാകുന്നു ;";

(ii) "നമ്മുടെ കുടുംബം" എന്ന വാക്കുകൾ എവിടെയെല്ലാം വന്നിട്ടുണ്ടോ അവിടെയെല്ലാം "കുടുംബം" എന്ന വാക്ക് പകരം ചേർക്കേണ്ടതാണ് ;

(iii) "നമുക്ക്" എന്ന വാക്ക് എവിടെയെല്ലാം വന്നിട്ടുണ്ടോ അവിടെയെല്ലാം "കുടുംബത്തിലെ ഏറ്റവും പ്രായം കൂടിയ പുരുഷ അംഗം" എന്നീ വാക്കുകൾ പകരം ചേർക്കേണ്ടതാണ് ;

(iv) 12-ാം വകുപ്പിൽ, "നമ്മുടെ മുൻകൂട്ടിയുള്ള അനുവാദം" എന്ന വാക്കുകൾക്കുപകരം "കുടുംബത്തിലെ ഏറ്റവും പ്രായം കൂടിയ പുരുഷ അംഗത്തിന്റെ മുൻകൂട്ടിയുള്ള അനുവാദം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് ;

(v) 17-ഉം 20-ഉം വകുപ്പുകളിൽ, "നമ്മുടെ അംഗീകാരം" എന്ന വാക്കുകൾക്ക് പകരം "കുടുംബത്തിലെ ഏറ്റവും പ്രായം കൂടിയ പുരുഷ അംഗത്തിന്റെ അംഗീകാരം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് ;

(vi) 22-ാം വകുപ്പിൽ "എസ്റ്റേറ്റും കൊട്ടാരം ഫണ്ടും അവിഭാജ്യം ആകുന്നതും" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ് ;

(vii) 24-ാം വകുപ്പ് വിട്ടുകളയേണ്ടതാണ് ;

** ** ** **

## വലിയമ്മ തമ്പുരാൻ കോവിലകം എസ്റ്റേറ്റും കൊട്ടാരം ഫണ്ടും വിളംബരത്തിൽ (1124-ലെ ix) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

** ** ** **

3. (1) എസ്റ്റേറ്റും കൊട്ടാരം ഫണ്ടും "കൊട്ടാര ഭരണബോർഡ്" എന്ന് പറയുന്ന ഒരു ബോർഡിൽ നിക്ഷിപ്തമായിരിക്കേണ്ടതും ബോർഡ് ഈ വിളംബരത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി എസ്റ്റേറ്റും കൊട്ടാരം ഫണ്ടും നടത്തേണ്ടതുമാണ്.

(2) ബോർഡ് ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടും കൂടിയതും മേൽപ്പറഞ്ഞ പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാകുന്നു.

4. ബോർഡിൽ കുടുംബത്തിലെ നാല് താവഴികളിൽ ഓരോന്നിനും കഴിയുന്നിടത്തോളം പ്രാതിനിധ്യം കിട്ടത്തക്കവിധം കുടുംബത്തിലെ പുരുഷ അംഗങ്ങൾക്കിടയിൽ നിന്നും കുടുംബത്തിലെ ഏറ്റവും പ്രായം കൂടിയ പുരുഷ അംഗം നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് ട്രസ്റ്റികൾ ഉണ്ടായിരിക്കേണ്ടതാണ്. ട്രസ്റ്റികളിൽ ഒരാളെ ബോർഡിന്റെ പ്രസിഡന്റായി കുടുംബത്തിലെ ഏറ്റവും പ്രായം കൂടിയ പുരുഷ അംഗം നിയമിക്കേണ്ടതാണ്.

*** *** ***